II ഇ.ബി. XIകേരള നിയമസഭ/IV28

# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂലായ് 25, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

215 (*637) വാണിജ്യവിളകളുടെ വിലത്തകർച്ച

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ) നൽകിയ മറുപടിയിൽ, ഉദാരവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്രത്തിന്റെ ഇറക്കുമതി നയത്തിൽ ഉണ്ടായ മാറ്റങ്ങളാണ് സംസ്ഥാനത്തെ കാർഷികോൽപന്നങ്ങളുടെ രൂക്ഷമായ വിലയിടിവിന് ഒരു കാരണമെന്ന് സഭയെ അറിയിച്ചു. 2000 ഏപ്രിൽ ഒന്നു മുതൽ നടപ്പിലാക്കിയ എക്സിം പോളിസിയും ഡബ്ളിയു.ടി.ഒ. കരാറിലെ ദോഷകരമായ വ്യവസ്ഥകളുമാണ് നാളികേരം, റബ്ബർ, അടയ്ക്ക, കാപ്പി, തേയില, കുരുമുളക്, ഇഞ്ചി, ഏലം തുടങ്ങിയ നാണ്യവിളകൾക്ക് ഭീമമായ വിലയിടിവുണ്ടാക്കിയത്. ഇത് സംബന്ധിച്ച് 2001 സെപ്റ്റംബറിൽ കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രിക്ക് കൃഷി വകുപ്പുമന്ത്രി നേരിട്ട് മെമ്മോറാണ്ടം നൽകുകയുണ്ടായി. ഡബ്ളിയു.ടി.ഒ.യുടെ ദോഹാ മീറ്റിംഗിൽ ചർച്ച ചെയ്യപ്പെടാനായി സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനുതകുന്ന വിധത്തിൽ ഡോ. എം.എസ്. സ്വാമിനാഥനുമായി കൂടിയാലോചിച്ച് തയ്യാറാക്കിയ മെമ്മോറാണ്ടം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി ചർച്ചാ സമയത്തും കേരളത്തിന്റെ പ്രശ്നങ്ങൾ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. കേന്ദ്രത്തിന്റെ ഇറക്കുമതി നയത്തിൽ ചില ഭേദഗതികൾ വരുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടുണ്ട്. 2001 ഡിസംബറിലും 2002 മേയ് മാസത്തിലും കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്ക് ഒൻപത് ആവശ്യങ്ങളടങ്ങിയ നിവേദനം സമർപ്പിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

1. റബ്ബറിന്റെ കയറ്റുമതി സബ്സിഡി കിലോഗ്രാമിന് 5 രൂപയായി ഉയർത്തുക
2. ലോക വ്യാപാര സംഘടനയുടെ എഗ്രിമെന്റിൽ സ്വാഭാവിക റബ്ബറിനെയും കയറിനെയും കാർഷിക വിഭവമായി ഉൾപ്പെടുത്താൻ പ്രേരണ ചെലുത്തുകയും അതിനിടെ അഡ്വാൻസ് ലൈസൻസിൻമേലോ ഓപ്പൺ ജനറൽ ലൈസൻസിൻമേലോ സ്വാഭാവിക റബറിന്റെ ഇറക്കുമതിക്ക് അനുവാദം നൽകാതിരിക്കുക

3. അടയ്ക്ക, കാപ്പി, ഇഞ്ചി എന്നിവയ്ക്ക് താങ്ങുവില പ്രഖ്യാപിക്കുകയും കേന്ദ്ര നോഡൽ ഏജൻസികൾ വഴി അവ സംഭരണം നടത്തുകയും ചെയ്യുക

4. റബർ മാർക്കറ്റിംഗ് ഫെഡറേഷൻ വഴി റബർ സംഭരിക്കാൻ കേന്ദ്ര സഹായം അനുവദിക്കുക

5. കാപ്പിയുടെ ചുങ്കം 116 ശതമാനമായും തേയിലയുടേത് 150 ശതമാനമായും ഉയർത്തുക

6. സംസ്കരിച്ച ഉൽപന്നങ്ങളുടെ ഇറക്കുമതി മോണിറ്റർ ചെയ്യുകയും അവയുടെ താരിഫ് ഏറ്റവും ഉയർന്ന ഡബ്ളിയു.ടി.ഒ. ബൗണ്ട് റേറ്റിലേക്ക് ഉയർത്തുകയും ചെയ്യുക

7. ഏലം, തേയില, അടയ്ക്ക, നാളികേരം, കുരുമുളക് ഇവയുടെ അനധികൃത ഇറക്കുമതി തടയാൻ കർശന നടപടി സ്വീകരിക്കുക

8. വെളിച്ചെണ്ണയെ വിലത്തകർച്ചയിൽ നിന്ന് രക്ഷിക്കാൻ എല്ലാ ഭക്ഷ്യ എണ്ണകളുടേയും അടിസ്ഥാന കസ്റ്റംസ് തീരുവ ഡബ്ളിയു.ടി.ഒ. ബൗണ്ട് റേറ്റായ 300 ശതമാനമായി ഉയർത്തുക. പാമോയിലിന്റെ ഇറക്കുമതി തീരുവ 150 ശതമാനമെങ്കിലും ആക്കി ഉയർത്തുക

9. ഗാട്ട് കരാർ പ്രകാരം സോയാബീൻ എണ്ണയുടെ ഡബ്ളിയു.ടി.ഒ. ബൗണ്ട് റേറ്റ് 100 ശതമാനമായി ഉയർത്താൻ സമ്മർദ്ദം ചെലുത്തുക.

സംസ്ഥാന ഗവണ്മെന്റിന്റെ നിരന്തര സമ്മർദ്ദംമൂലം റബ്ബർമാർക്കറ്റിംഗ് ഫെഡറേഷൻ, റബ്കോ, വെയർ ഹൗസിംഗ് കോർപ്പറേഷൻ, റബ്ബർ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന മറ്റ് സംഘങ്ങൾ എന്നിവയെല്ലാം ആഭ്യന്തര വിപണിയിൽനിന്ന് റബ്ബർ സംഭരിച്ച് കയറ്റുമതി ചെയ്തതിന്റെ ഫലമായി ഒരു കിലോ റബറിന്റെ വില 39 രൂപ വരെയായി ഉയർത്താൻ സാധിച്ചിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽനിന്നും ക്വാളിറ്റി കുറഞ്ഞ നാണ്യവിളകൾ കള്ളക്കടത്തിലൂടെയും മറ്റും കൊണ്ടുവന്ന് നമ്മുടെ ഉല്പന്നങ്ങളുമായി ഇടകലർത്തി വില്ക്കാൻ ഇടവരുന്നത് അവയുടെ കയറ്റുമതിയെ സാരമായി ബാധിച്ചിട്ടുണ്ട്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട വകുപ്പുകൾ ഏകോപിപ്പിക്കുന്നതിനും കർഷകർക്ക് കൃഷിയെക്കുറിച്ച് കൂടുതൽ പരിജ്ഞാനം കൊടുക്കാനും അതുവഴി പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കാനുമുള്ള ചില തീരുമാനങ്ങളെടുത്ത് നടപ്പിലാക്കി വരുകയാണ്. റബ്ബർമാർക്കറ്റിംഗ് ഫെഡറേഷൻ, റബ്കോ, വെയർ ഹൗസിംഗ് കോർപ്പറേഷൻ, എന്നിവയുമായുള്ള പ്രൊക്യൂർമെന്റ് കരാർ അനുസരിച്ച് സംസ്ഥാന ഗവൺമെന്റ് കിലോയ്ക്ക് 3.50 രൂപ നിരക്കിൽ സബ്സിഡിയും ഇതിനായി കേന്ദ്ര സർക്കാർ അനുവദിക്കുന്ന സംഖ്യയും ലഭ്യമാക്കിവരുന്നു. കർഷകരിൽനിന്നും നേരിട്ട് റബ്ബർ സംഭരിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് അഡിഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ഉന്നതാധികാര കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കാർഷികോല്പന്നങ്ങൾക്ക് നൽകിയിട്ടുള്ള ഇളവുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഉടനെ പ്രസിദ്ധീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

216(*638) <u>കൺസ്യൂമർ ഗ്രീവൻസസ് ആന്റ് റിഡ്രസൽ കമ്മിഷൻ</u>

ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) നൽകിയ മറുപടിയിൽ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷനും ജില്ലാ ഉപഭോക്തൃ തർക്ക

പരിഹാര ഫോറങ്ങളും 1986–ലെ ഉപഭോക്തൃ സംരക്ഷണ നിയമമനുസരിച്ച് 1990 ഫെബ്രുവരിയിൽ രൂപീകരിച്ച ഒരു സ്ഥിരം സംവിധാനമാണെന്ന് സഭയെ അറിയിച്ചു. ചെറുതും വലുതുമായി ഇത്തരം 83 സംഘടനകൾ നിലവിലുണ്ട്. എന്നാൽ കമ്മിഷനിലും ഫോറങ്ങളിലും നിയമിക്കപ്പെടുന്ന പ്രസിഡന്റുമാരുടെയും മെമ്പർമാരുടേയും കാലാവധി അഞ്ചു വർഷമാണ്. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം കേരളത്തിൽ ഏതു സംഘടനയ്ക്കും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാൻ അധികാരമുണ്ട്. അതിൽ ഗവൺമെന്റിന് യാതൊരു നിയന്ത്രണവുമില്ല. എന്നാൽ ഈ സംഘടനകൾ വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും അവാർഡു നൽകി ആദരിക്കുന്നത് നിയമ വിരുദ്ധമാണ്. ഇതിനെതിരെ നിയമനടപടികൾ സ്വീകരിക്കാൻ കഴിയുമോയെന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ഭക്ഷ്യ വകുപ്പുമന്ത്രി ചെയർമാനും 41 അംഗങ്ങളുമുള്ള കേരള ഉപഭോക്തൃ സംരക്ഷണ സമിതി 31–5–2002–ലാണ് പുനഃസംഘടിപ്പിച്ചത്. സമിതിയുടെ കാലാവധി മൂന്നു വർഷമാണ്. ഒരു വർഷത്തിൽ രണ്ടു തവണയെങ്കിലും പ്രസ്തുത സമിതി യോഗം ചേരണമെന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ജില്ലാ കളക്ടർ മുഖേന സമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. ചിട്ടയായ പ്രവർത്തനം നടത്തുന്ന മൂന്നു സമിതികൾക്ക് പ്രോൽസാഹനമായി 50,000, 30,000, 20,000 രൂപാ ക്രമത്തിൽ ക്യാഷ് അവാർഡുകളും നൽകിവരുന്നു. കേന്ദ്ര സർക്കാരിന്റെ കൺസ്യൂമർ വെൽഫെയർ ഫണ്ടിൽനിന്നും അംഗീകൃത ഉപഭോക്തൃ സംഘടനകൾക്ക് ധനസഹായം ലഭിക്കുന്ന ഒരു പദ്ധതിയും നിലവിലുണ്ട്. സംസ്ഥാന ഉപഭോക്തൃ കമ്മിഷനിൽ വന്ന 16111 കേസുകളിൽ 14003 കേസുകൾ തീർപ്പാക്കിക്കഴിഞ്ഞു. 2108 കേസുകൾ മാത്രമാണ് ശേഷിക്കുന്നത്. 94.4 ശതമാനം കേസുകൾ തീർപ്പാക്കിയത് റിക്കാർഡാണ്. ജില്ലാടിസ്ഥാനത്തിൽ 123300 കേസുകൾ വന്നതിൽ 116401 കേസുകളും തീർപ്പാക്കിക്കഴിഞ്ഞു. സിവിൽ സപ്ളൈസ് കോർപ്പറേഷൻ കമ്മിഷണർ, ലാ സെക്രട്ടറി, ഉപഭോക്തൃ കമ്മിഷൻ ചെയർമാൻ എന്നിവരടങ്ങുന്ന മൂന്നംഗ കമ്മിറ്റിയുടെ ഉപദേശപ്രകാരം ഹൈക്കോടതി നൽകുന്ന പാനൽ അനുസരിച്ചാണ് ജില്ലാഫോറം പ്രസിഡന്റുമാരെ നിശ്ചയിക്കുന്നത്. ഉപഭോക്താക്കൾ പരസ്യങ്ങളിൽ ആകൃഷ്ടരായി വഞ്ചിതരാകാതിരിക്കാൻബോധവൽക്കരണം ആവശ്യമാണ്. നിരോധിക്കപ്പെട്ടതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ വില്ക്കുന്നതായി ശ്രദ്ധയിൽപെട്ടാൽ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് കർശന നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിലുള്ള നിയമത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതും ഇതിനുള്ള കേന്ദ്ര നിയമത്തിൽ മാറ്റം വരുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതുമാണെന്ന് ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

217(*639) <u>ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി</u>

വനവും സ്പോർട്ട്സും വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്റികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ) നൽകിയ മറുപടിയിൽ, വനം വകുപ്പിൽ തേക്കടി, നെയ്യാർ, പേപ്പാറ, ചിന്നാർ, പറമ്പിക്കുളം എന്നീ സംരക്ഷിത മേഖലകളിൽ ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും 116 ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ ഉണ്ടാക്കിയിട്ടുണ്ടെന്നും 8000–ലധികം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണെന്നും വേൾഡ് ബാങ്കിൽനിന്ന് കിട്ടുന്ന ധനസഹായം കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്നും സഭയെ അറിയിച്ചു. ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളുടെ വന സംരക്ഷണത്തിനുള്ള ഉത്തരവാദിത്വങ്ങൾ, പരിസരവാസികളുടെ വനത്തിനോടുള്ള

ഹാനികരമായ ആശ്രയത്വം ക്രമാനുഗതമായി കുറച്ചുകൊണ്ടുവരിക; വന്യജീവി സങ്കേതങ്ങളിലുള്ള അനധികൃത കയ്യേറ്റം, കന്നുകാലി മേയൽ, വിറകുശേഖരണം, വേട്ടയാടൽ, കഞ്ചാവു കൃഷി തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങളെ തടയുക; പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം, പ്രകൃതി വിഭവങ്ങളുടെ ശാശ്വതമായ ഉപയോഗം ജൈവവൈവിധ്യത്തിന്റെ സംരക്ഷണവും പരിപോഷണവും എന്നീ കാര്യങ്ങളെക്കുറിച്ച് ഗ്രാമവാസികളെ ബോധവാൻമാരാക്കുക എന്നിവയാണ്. ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ തയ്യാറാക്കുന്ന മൈക്രോ പ്ലാനുകളിൽ ഉൾപ്പെടുത്തി പരിസരവാസികൾക്കുവേണ്ടി സാമ്പത്തിക ഉന്നമനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുക, അംഗങ്ങളുടെ ഉപജീവനത്തിന് സഹായിക്കുന്ന തിനായി വായ്പ ലഭ്യമാക്കുക, സംയോജിതമായി ഇക്കോ ടൂറിസം, കൃഷി, വിറകുശേഖരണം, തീർത്ഥാടന സൗകര്യങ്ങൾ ഒരുക്കുക തുടങ്ങിയ മേഖലകളിൽ പ്രവർത്തിച്ച് അംഗങ്ങൾ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നു. പൊതു ആവശ്യത്തിനുള്ള കമ്മ്യൂണിറ്റി ഹാൾ, സ്കൂൾ കെട്ടിടം, കുടിവെള്ളം പദ്ധതി എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കുക, വന്യ മൃഗങ്ങൾ മൂലമുള്ള കൃഷി നശീകരണം ലഘൂകരിക്കാനുള്ള നടപടികൾ എടുക്കുക എന്നീ പ്രവർത്തികൾ ഇവർ ഏറ്റെടുക്കുന്നു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

218 (*645) <u>വനം-വന്യജീവി സംരക്ഷണ പദ്ധതികൾ</u>

വനവും സ്പോർട്സും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, വന്യജീവി സംരക്ഷണ മേഖലകളുടെ വികസനത്തിനായി 50 ശതമാനം കേന്ദ്ര സഹായത്തോടെയുള്ള സംയുക്ത പദ്ധതികളും പൂർണ്ണമായും കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രോജക്ട് എലിഫന്റും ബയോസ്ഫിയർ റിസർവ്വിനുവേണ്ടിയുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ടെന്ന് അറിയിച്ചു. ഇതുകൂടാതെ ലോകബാങ്ക് സഹായത്തോടുകൂടി തേക്കടിയിൽ ഇൻഡ്യാ ഇക്കോ ഡവലപ്മെന്റ് പദ്ധതിയും മറ്റ് സംരക്ഷിത മേഖലകളിൽ കേരള ഫോറസ്ട്രി പ്രോജക്ടിന്റെ ഘടകമായുള്ള പ്രത്യേക സ്കീമുകളും സംസ്ഥാന പദ്ധതിയായ ജൈവവൈവിദ്ധ്യ സംരക്ഷണവും വന്യജീവി സങ്കേതങ്ങളിൽ നടപ്പിലാക്കിവരുന്നു. ഇവ കൂടാതെ, വനങ്ങളുടെ പരിരക്ഷണത്തിനായി സ്വാഭാവിക വനങ്ങളുടെ അതിർത്തി നിർണ്ണയം, അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, റാപ്പിഡ് ആക്ഷൻ ഫോഴ്സ് ഉപയോഗിച്ചുള്ള സംരക്ഷണ പ്രവർത്തനങ്ങൾ, കഞ്ചാവ് കൃഷി നിർമ്മാർജ്ജനം, പരിക്ഷീണ വനങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയവയും നടപ്പിലാക്കുന്നുണ്ട്. വൃക്ഷത്തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികൾ, തടിയേതര വിഭവങ്ങളുടെ പരിപാലനത്തിനും പരിരക്ഷണത്തിനുമുള്ള പരിപാടികൾ, ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കേരള ഫോറസ്ട്രി പ്രോജക്ടിൽ ഉൾപ്പെടുത്തിയുള്ള വന പരിരക്ഷണ പ്രവർത്തനങ്ങൾ, വന പരിരക്ഷണത്തിനുതകുന്ന ഗവേഷണങ്ങൾ തുടങ്ങിയവയും നടപ്പിലാക്കിവരുന്നു.

219(*660) <u>നഷ്ടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകൾ</u>

ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന 871 മാവേലി സ്റ്റോറുകൾ (2002 മേയ് മാസത്തെ വിറ്റുവരവിനെ ആസ്പദമാക്കി) നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്ന് അറിയിച്ചു. നഷ്ടത്തിൽ

പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളെ അതാതു പഞ്ചായത്തുകളിൽതന്നെ കച്ചവട സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ അനുയോജ്യമായ കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് മാറ്റി സ്ഥാപിച്ചുവരുന്നുണ്ട്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

198(4019) കൊമേഴ്സ്യൽ ബാങ്കുകൾ നൽകിയ വായ്പ

സംസ്ഥാനത്തുള്ള കൊമേഴ്സ്യൽ ബാങ്കുകളിൽനിന്നും 31.3.2002 വരെ 51656 കോടി രൂപ നിക്ഷേപമായി ലഭിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിൽ 22062 കോടി രൂപ കേരളത്തിനകത്ത് വായ്പ യിനത്തിൽ നൽകിയിട്ടുണ്ട്.

199(4030) ദേശീയ സമ്പാദ്യ പദ്ധതി പ്രകാരം പിരിഞ്ഞുകിട്ടിയ തുക

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001-2002 സാമ്പത്തിക വർഷത്തിൽ ദേശീയ സമ്പാദ്യ പദ്ധതി പ്രകാരം 2157.51 കോടി രൂപ മൊത്തം സമാഹരണം നടത്തി. മിച്ച നിക്ഷേപം 877.40 കോടി രൂപയാണ്.

200(4054) സ്മാർട്ട് കാർഡ് പദ്ധതി

തിരുവനന്തപുരം സിറ്റിയിൽ നാല് റേഷൻ കടകളിലായി 2000 കുടുംബങ്ങൾക്ക് പ്രാരംഭാടിസ്ഥാനത്തിൽ 21.1.2002 മുതൽ സ്മാർട്ട് റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കായി ഒന്നേകാൽ ലക്ഷം രൂപ ചെലവ് ചെയ്തിട്ടുണ്ട്.

........